**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 711** **02-02-2023 - ൽ മറുപടിയ്ക്ക്**

**ഫിലമെന്റ് രഹിത കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഫിലമെന്റ് രഹിത കേരളം എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ; | (എ) | ബഹു മുഖ്യമന്ത്രി 07.01.2021-ൽ സംസ്ഥാനതല ഉദ്ഘാടനം നടത്തി ആരംഭിച്ച ഫിലമെന്റ് രഹിത കേരളം (FFK) പദ്ധതി പ്രകാരം നാളിതുവരെ 9W ന്റെ 1,13,89,986 LED ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്. LED ബൾബുകൾ വിതരണം ചെയ്യുന്നതിനോടൊപ്പം ഉപഭോക്താക്കളിൽ നിന്നും പഴയ CFL ബൾബുകളും ICL-കളും കെ.എസ്.ഇ.ബി.എൽ. ശേഖരിച്ചുവരുന്നു. ഇങ്ങനെ 40W ന്റെ പരമ്പരാഗത ബൾബുകൾ മാറ്റി 9W ന്റെ LED സ്ഥാപിക്കുന്നതിലൂടെ ഒരു ബൾബിന്റെ സ്ഥാനത്ത് ഏകദേശം 31 W ലാഭിക്കുവാൻ സാധിക്കുന്നു.<br>പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത തെരുവു വിളക്കുകൾക്ക് പകരമായി LED വിളക്കുകൾ സ്ഥാപിക്കുന്ന 'നിലാവ് പദ്ധതി'യും നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിലൂടെ പരമ്പരാഗത തെരുവു വിളക്കുകൾക്ക് പകരം 18W, 35W, 70W, 110W ന്റെ 3.62 ലക്ഷം LED തെരുവു വിളക്കുകൾ സ്ഥാപിച്ചു. ഇതിലൂടെ പൊതുജനത്തിന് മെച്ചപ്പെട്ട വെളിച്ചം ഉറപ്പാക്കുന്നതിലൂടെ പൊതു സുരക്ഷയും വർദ്ധിപ്പിക്കുന്നു.<br><br>മേൽപ്പറഞ്ഞ പദ്ധതികളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കും വൈദ്യുതി ബില്ലിനത്തിൽ കുറവ്, പരിസ്ഥിതി സംരക്ഷണം, സംസ്ഥാനത്തിന് കാർബൺ ക്രെഡിറ്റ് മുതലായ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുന്നു. കൂടാതെ ഊർജ്ജ സംരക്ഷണത്തോടൊപ്പം സംസ്ഥാനത്തിന്റെ 'പീക്ക് ലോഡി'ൽ കുറവും ലഭിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി തുടർന്നുകൊണ്ടുപോകാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (ബി) | FFK പദ്ധതിയിൽ ഉൾപ്പെട്ട 9W ന്റെ LED ബൾബുകൾ ഉപഭോക്താക്കൾക്ക വിതരണം ചെയ്യുന്ന പദ്ധതിക്കു വേണ്ടി കെ.എസ്.ഇ.ബി ലിമിറ്റഡിൽ |

| | | | |
|---|---|---|---|
| | | | ആകെ 1.175 കോടി ബൽബുകൾ വാങ്ങിയിട്ടുണ്ട് അതിൽ 3,60,000 എണ്ണം ഇനിയും വിതരണം ചെയ്യാനുണ്ട്. ഇവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>അതുപോലെ പരമ്പരാഗത തെരുവു വിളക്കുകൾ മാറ്റി LED ബൽബുകൾ സ്ഥാപിക്കുന്ന നിലാവ് പദ്ധതിയിൽ 8.75 ലക്ഷം തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ രണ്ടു ഘട്ടങ്ങളിലായി 3.62 ലക്ഷം LED ബൽബുകൾ സ്ഥാപിച്ചു കഴിഞ്ഞു. ബാക്കി 5 ലക്ഷം LED ബൽബുകൾ സ്ഥാപിക്കുന്നതിനായി 'നിലാവ് പദ്ധതി'യിൽ ഇതുവരെ പങ്കെടുക്കാത്ത പഞ്ചായത്തുകളെ ഉൾപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ